മഹാരാജ മാന്യ രാജശ്രീ

തിരുവിതാംകൂർ ദിവാൻജി സ്വാമി അവർകൾ സമക്ഷം

മീനച്ചൽ താലൂക്കു സമാജത്തിൽ നിന്നും

ബോധിപ്പിക്കുന്ന

# മെമ്മോറിയൽ.

—*—

ദയാവാരിധിയായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ പ്രജാകോടിയിൽ പെട്ടവരായ മീനച്ചൽ താലൂക്കുനിവാസികൾക്കു, ആ തിരുമനസ്സിലേയും അവിടത്തെ ഗവർമ്മേണ്ടിന്റേയും നേർക്കുള്ള നിഷ്കളങ്കമായ ഭയഭക്തി ബഹുമാനാദരങ്ങളെ പ്രദർശിപ്പിച്ചുകൊണ്ടു്, താലൂക്കിന്റെ ഒരു ഭാഗത്തെ അധിവസിക്കുന്നവരായ കൃഷികന്മാർക്കു നേരിട്ടിരിക്കുന്ന വലുതായ സങ്കടത്തെപ്പററി പ്രസ്താവിച്ചുകൊള്ളുന്നു.

മീനച്ചൽ താലൂക്കിൽ കൊണ്ടൂർ പ്രവൃത്തിയിൽ തലപ്പലം മുറിയിൽ വല്യകുമാരമംഗലം ഉൾപ്പെട്ട ചേരിക്കലുകൾ, വന്യമൃഗങ്ങളുടെ വാസഭൂമിയായി പൂഞ്ഞാററിൽ തമ്പുരാന്റെയും, വടക്കുംമനയ്ക്കൽ നമ്പൂരിപ്പാട്ടിലേയും, അറക്കുളം, കൊണ്ടൂർ, അമ്പാറ ഈ ദേവസ്വങ്ങളുടേയും അധീനതയിലായിരുന്ന കാലം മുതൽക്കു പൂഞ്ഞാററിൽ കോയിക്കലേയും വടക്കുംമനക്കലേയും മേൽപറഞ്ഞ ദേവസ്വങ്ങളിലേയും ആധാരവഴിയായും അല്ലാതേയും വളരെക്കാലമായി അനേക പാവപ്പെട്ട ആളുകൾ കൈവശം വച്ചും ദേഹണ്ഡങ്ങൾ ചെയ്തും കുടിപാർത്തും അനുഭവിച്ചു വന്നിരുന്നു. ഇപ്പോൾ മേല്പറഞ്ഞ ചേരിക്കലുകളിൽ നൂറോളം വീടുകളും അനേകം ജനങ്ങളുടെ കുടിപാർപ്പും ഉള്ളതും കുടിപാർപ്പുള്ള എല്ലാ സ്ഥലങ്ങളിലും സ്ഥിരങ്ങളായ അനേകം ദേഹണ്ഡങ്ങൾ ഉള്ളതിനും പുറമെ ടി ചേരിക്കലിന്റെ നാലു വശങ്ങളിലുമായി വളരെജ്ജനങ്ങൾ കുടിപാർപ്പുകാരായുള്ളതുമാകുന്നു.

൨. ഗവർമ്മേണ്ടും പൂഞ്ഞാററിൽ തമ്പുരാനുമായുണ്ടായ അതൃത്തിവാദക്കേസിൽ ഈ ചേരിക്കൽ ഗവർമ്മേണ്ടുവകയെന്നു തീർച്ചപ്പെട്ടിരിക്കുന്നതും ലേലംചെയ്തു പതിച്ചുകൊടുപ്പാൻ ഗവർമ്മേണ്ടിൽ നിന്നു തീരുമാനിച്ചിട്ടുള്ളതും അതുനിമിത്തം പാവപ്പെട്ട കുടികൾ ആഹ്ലാദരഹിതന്മാരായി തീർന്നിരുന്നതും ടി കേസിൽ റവന്യുവിചാരണയിലും സിവിൾ വ്യവഹാരത്തിലും എഴുതീട്ടുള്ള പല പ്ലാൻ മഹസ്സർകളിലും സർവ്വെയിലും ദേഹണ്ഡങ്ങൾ മുതലായതു വെളിപ്പെടുത്തിയിട്ടുള്ളതും കുടിപാർപ്പുകാരുടെ ചേരിൽ സർവ്വെചെയ്തു തറവില, തടിവില മുതലായതു നിശ്ചയിച്ചിട്ടുള്ളതും ഇപ്പോൾ ദേഹണ്ഡങ്ങൾ കായഫലങ്ങളായിട്ടുള്ളതുമാകുന്നു.

൩. ഈ പ്രദേശത്തെ സാധുക്കൾക്കു കുടിപാർപ്പാൻപോലും സ്ഥലമില്ലാത്തതിനാൽതന്നെതുചിറാവിൽ കിടപ്പുള്ള ഭൂമികളെ സ്വദേശികളായ കുടികൾക്കുതന്നെ പതിച്ചു കൊടുക്കണമെന്നു സകാരണം ഞങ്ങൾ ൭൧ കർക്കടകം ൨൦-ാംനു-ലും അനന്തരം ൭൨ മേടത്തിലും മെമ്മോറിയൽ മൂലം ബോധിപ്പിച്ചിട്ടുള്ളതും ലേലം ചെയ്തു പതിച്ചുകൊടുക്കണമെന്നുണ്ടായ തീരുമാനത്തെയും ഒരുവിധത്തിൽ സമാധാനജനകമായി കരുതിയിരുന്നതുമാകുന്നു.

൮. ഇപ്പോൾ കോട്ടയം ഡിവിഷൻ അസിസ്റ്റൻറു കൺസർവേറ്റർ അവർകൾ ടി ചേരിക്കലിൽ വരികയും റിസർവ്വാക്കാനായി വിചാരിക്കുന്നതായി പ്രസ്താവിക്കയും ചെയ്തസമയം കുടിപാർപ്പുകാരായ പാപപ്പെട്ട ആളുകൾ സങ്കടം പറകയും അവരുടെ ദേഹണ്ഡങ്ങളേയും കുലച്ചു നിൽക്കുന്നതായ തെങ്ങുകളേയും മറ്റും കാണിച്ചു കൊടുക്കയും ചെയ്തു എങ്കിലും അതിനെ റിക്കാർട്ടാക്കാതെ നിർദ്ദയമായി ഇവിടെ താമസിച്ചിട്ടൊ ദേഹണ്ഡിച്ചിട്ടൊ ഫലമില്ലെന്നു പറകയും റിസർവ്വാക്കണമെന്നു ഗവർമ്മെണ്ടിലേക്കു എഴുതി അയക്കയും ചെയ്തിരിക്കുന്നതിനാൽ ആ സ്ഥലത്തെ അധിവസിക്കുന്ന പാവപ്പെട്ട കുടികൾ ആബാലവൃദ്ധം അതിരില്ലാത്ത സങ്കടത്തിൽ അകപ്പെട്ടിരിക്കുന്നതും അവരുടെ സങ്കടം എത്രമാത്രമെന്നുള്ളതു ഇതുസഹിതം ഹാജരാക്കുന്ന ഹർജ്ജികൊണ്ടു പ്രത്യക്ഷപ്പെടുന്നതുമാകുന്നു.

൯. ഈ സ്ഥലത്തു കുടിപാർപ്പുകാരുടേയും മറ്റും ദേഹണ്ഡങ്ങളുടെ ഫലമായി (൨൫൦൦൦) ഇരുപത്തയ്യായിരത്തിലധികം തെങ്ങുകളും അതുപോലെതന്നെ വളരെ പ്ലാവുകളും കമുകുകളും കൊടി മുതലായ എല്ലാത്തരം ദേഹണ്ഡങ്ങളും ഉള്ളതും ഈ സ്ഥലത്തെ ഒഴിച്ചിടണമെന്നു കൺസർവേറ്റർ അഭിപ്രായപ്പെട്ടിട്ടുള്ളതു പൊതുജനങ്ങൾക്കുതന്നെ ഉപദ്രവകരമായിട്ടുള്ളതും സ്ഥലനിവാസികൾക്കു സഹിക്കാൻ പാടില്ലാത്ത സങ്കടത്തെ ഉണ്ടാക്കുന്നതുമാകുന്നു. ഗവർമ്മെണ്ടിനു ആദായത്തെയൊ കുടികൾക്കും രാജ്യത്തിനും ഒരുപോലെ സഹായമായിത്തീരാവുന്ന വല്ല മാററത്തെയൊ വരുത്തിക്കൊള്ളാമെന്നു കരുതി ഒരുസ്ഥലം ഒഴിച്ചിടാൻ വിചാരിക്കുന്നതു നന്നാണെന്നു വയ്ക്കാമെന്നിരുന്നാലും, വളരെ ആളുകൾ കുടിപാർക്കുന്നതും ദേഹണ്ഡങ്ങൾ ചെയ്തുവരുന്നതും ചുററിലും അനേകം ആളുകൾ പാർത്തുവരുന്നതുമായ ഒരു സ്ഥലത്തെ എടുക്കണമെന്നു ആലോചിക്കുന്നതു എത്രമാത്രം സങ്കടത്തെ ഉണ്ടാക്കിത്തീർക്കുന്നതാണെന്നു സമക്ഷത്തു ദയയോടുകൂടി ആലോചിക്കേണ്ടതും പാവപ്പെട്ട കുടികളുടെ രക്ഷയെ പ്രത്യേകമായി കരുതേണ്ടതുമാകുന്നു.

മേല്പറഞ്ഞ സംഗതികളെ സമക്ഷത്തു കൃപയോടുകൂടി ആലോചിച്ചു ദേഹണ്ഡസ്ഥലങ്ങളെ ദേഹണ്ഡക്കാരായ പാപപെട്ട കുടികൾക്കു പതിച്ചുകൊടുക്കുന്നതിനും കൺസർവേറ്റർ അവർകൾ കൊണ്ടുവരുന്ന ആലോചനയെ ബലമായി തടുക്കുന്നതിനും വേണ്ട ഉത്തരവുണ്ടായി സങ്കടനിവൃത്തി വരുത്തിത്തരുവാറാകേണമെന്നു താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

൧൦൮൭-ാം ആണ്ടു } മീനച്ചിൽ താലൂക്കു സമാജം പ്രസിഡണ്ടു കെ. ജെ. ജോസപ്പുമാപ്പിള.
തുലാമാസം ൩൧- } ടി സമാജം സെക്രട്ടറി എ. സി. കത്താക്കോസ്.

മാർതോമ്മാ ശ്ലീഹാ പ്രസ്സ് പാലാ.